# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്‌മെന്റ്
## ചാക്ക തിരുവനന്തപുരം – 24

നമ്പർ. ഇബി3/67/2023/എച്ച്.ആർ.ഡി. (3)    തിയതി, 23 .01.2023

## പരിപത്രം

വിഷയം :- ഐ എച് ആർ ഡി - 15 ആം കേരളനിയമസഭയുടെ 8 ആം സമ്മേളനം - നിയമസഭാ സമ്മേളനകാലത്ത് പാലിക്കേണ്ട നടപടിക്രമങ്ങൾ / ക്രമീകരങ്ങൾ – സംബന്ധിച്ച്.

സൂചന :- 12.01.2023 ലെ പി1/48/2023/ഉ.വി.വ നമ്പർ സർക്കാർ കത്ത്.

15 ആം കേരളനിയമസഭയുടെ 8 ആം സമ്മേളനകാലത്ത് നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടികൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ ലഭ്യമാക്കേണ്ടതാണെന്നും നിയമസഭാസമ്മേളനകാലത്ത ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ മുഴുവൻ സമയവും ഓഫീസിൽ ഹാജരുണ്ടായിരിക്കേണ്ട താണെന്നും നിർദ്ദേശിച്ചു കൊള്ളുന്നു. സമ്മേളന കാലയളവ് 2023 ജനുവരി മാസം 23 മുതൽ മാർച്ച് മാസം 30 വരെയാണ്.

ഐ.എച്.ആർ.ഡി യുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യങ്ങളുടെ പകർപ്പ് നിയമസഭയുടെ വെബ് സൈറ്റിൽ (www.niyamasbha.org) നിന്നും ഡൌൺലോഡ് ചെയ്തു ഉത്തരങ്ങൾ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ഡയറക്ടർക്ക് എത്തിക്കേണ്ടതാണ് .

നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടികൾ സർക്കാരിന് യഥാസമയം ലഭ്യമാക്കേണ്ടതിനു ഉത്തരങ്ങൾ നിർദിഷ്ട സമയ പരിധിക്കുള്ളിൽ ഐ.എച്.ആർ.ഡി ഹെഡ്ക്വാർട്ടേഴ്‌സിൽ ലഭ്യമാക്കാൻ പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിച്ചു കൊള്ളുന്നു.

ഡയറക്ടർ

പകർപ്പ്

1. എല്ലാ സ്ഥാപനമേധാവികൾക്കും
2. അഡിഷണൽ ഡയറക്ടർ
3. അഡ്‌മിനിസ്ട്രേറ്റീവ് ഓഫീസർ
4. ഫിനാൻസ് ഓഫീസർ
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ
6. കരുതൽ ഫയൽ
7. ഓഫീസ് പകർപ്പ്